"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. പ്രേംജിത്ത് എം.കെ-യുടെ ചികിത്സയ്ക്ക് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.119/2024/LSGD തീയതി,തിരുവനന്തപുരം, 15-01-2024

---

പരാമർശം:-
1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P)No.144/2013/H&FWD നമ്പർ ഉത്തരവ്
3. ശ്രീ. പ്രേംജിത്ത് എം.കെ യുടെ 03.07.2020-ലെ അപേക്ഷയും ബില്ലുകളും.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.06.2023- ലെ LSGD/PD/ 7075/2023-DEG2 നമ്പർ കത്ത്
5. കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.09.2020ലെ 10/1 നമ്പർ തീരുമാനം.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 19.04.2023-ലെ (എൽ.ഡിസ്) എം.ആർ 4-32411/2022/ ആ.വ.ഡ നം. കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ പ്രേംജിത്ത് എം.കെ-യുടെ ചികിത്സയ്ക്ക് കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചെലവായ 1,50,000/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധ രേഖകൾ സഹിതം പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർ ശം ( 6 ) പ്രകാരം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ അനുവദനീയമായ 40,551/- രൂപയുടെ 80% ആയ 32,441/-രൂപ (മുപ്പത്തി രണ്ടായിരത്തി നാനൂറ്റി നാൽപ്പത്തി ഒന്ന് രൂപ മാത്രം) അപേക്ഷകന് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർ ശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമ

പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ. പ്രേംജിത്ത് എം.കെ-യ്ക്ക് 14.04.2020 മുതൽ 17.04.2020 വരെ കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് അനുവനദീയത അറിയിച്ചിട്ടുള്ള 40,551/- രൂപയുടെ 80% ആയ 32,441/-രൂപ (മുപ്പത്തി രണ്ടായിരത്തി നാനൂറ്റി നാൽപ്പത്തി ഒന്ന് രൂപ മാത്രം) നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾക്കും, മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.

ശ്രീ. പ്രേംജിത്ത് എം.കെ, സീനിയർ ക്ലാർക്ക്,കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.34/EPA3/2021/LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-01-2024 10:26:09
സെക്ഷൻ ഓഫീസർ